**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **27-07-2021 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര നെൽകൃഷി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നെൽകൃഷി വികസന പദ്ധതിയിൽ ഈ വർഷം 11614 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിലൂടെ നെൽകൃഷിയുടെ വിവിധ ഉല്പാദനോപാധി-കൾക്കുള്ള ധനസഹായമായി ഹെക്ടറിന് 5,500/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകി വരുന്നു. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്കായി നടപ്പ് വർഷം 8584.84 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. |
| (ബി) | എത്ര സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹി-പ്പിക്കുന്നതിന്റെ ഭാഗമായാണ് സമഗ്ര നെൽകൃഷി വികസനപദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുള്ളത്. പാടശേഖര സമിതി മുഖാന്തിരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആനുകൂല്യത്തിന് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് പ്രത്യേക നിബന്ധനയില്ല. |
| (സി) | നെൽകർഷകർക്ക് നൽകുന്ന ഈ ധനസഹായം വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇല്ല. സുസ്ഥിര വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് നൽകുന്ന ധനസഹായ തുകയിൽ യാതൊരു കുറവും വരുത്താതെ- യാണ് പദ്ധതി ഈ വർഷവും നടപ്പാക്കുന്നത്. 2021-22 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസനത്തിന് മാത്രമായി ഹെക്ടറിന് 5,500/- രൂപ പ്രകാരം 8584.84 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ